SUNDAY 01/06/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**


**Chief Editor:** SINDHU.K.S  **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/06/2025

1. ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക ക്ഷീരദിനത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് ടാഗോർ തീയേറ്ററിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. അഡ്വ. ആൻ്റണി രാജു എം എൽ എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ ശശി തരൂർ എം പി മുഖ്യാതിഥിയാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെൻ്റ് ബോർഡ്, കേരള ഫീഡ്സ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളും ശില്പശാലയും നടക്കും.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിൻറെ (കരാർ നിയമനം) താൽകാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് **03/06/2025** ന് രാവിലെ **09.30** മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **www.kau.in**, **www.cohvka.kau.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുകയോ **0487-2438302** എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

3. തൃശൂർ മണ്ണുത്തി Plant World Nursery യുടെ സഹകരണത്തോടെ ത്രിക്കൊടിത്താനം കിസാൻ സർവീസ് സൊസൈറ്റിയുടെയും, കോട്ടമുറി ഗ്രേസ് SHG യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മികച്ചതും

ഗുണമേന്മയുള്ളതുമായ ഫലവൃക്ഷ തൈകൾ മണ്ണുത്തി Plant World Nursery യിൽ നിന്ന്കൊണ്ടുവന്ന് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. തൈകൾ ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. വിളിക്കേണ്ട ഫോൺ നമ്പർ 9447662666, 9446860947, 8078552109.

4. കേര സുരക്ഷാ ഇൻഷുറൻസ് ജില്ലയിൽ തെങ്ങ്കയറ്റ തൊഴിൽ ചെയ്യുന്നവർക്ക് നാളികേര വികസന ബോർഡ് നടപ്പാക്കിവരുന്ന കേരസുരക്ഷാ ഇൻഷുറൻസിൽ അംഗമാകാം. അപേക്ഷകൾ കോഴിക്കോട് സ്വാഭിമാൻ സോഷ്യൽ സർവീസ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. കടന്നൽ കുത്ത്, താൽക്കാലിക അപകടങ്ങൾ എന്നിവക്ക് ആഴ്ചയിൽ 3,500 രൂപ വെച്ച് ആറാഴ്ച വരെ താൽക്കാലിക സമാശ്വാസം, മരണാനന്തര സഹായമായി ഏഴ് ലക്ഷം, പൂർണ അംഗവൈകല്യം ബാധിക്കുന്നവർക്ക് മൂന്നര ലക്ഷം രൂപ വരെ എന്നിവ പദ്ധതിയിൽ ഉൾപ്പെടും. ഫോൺ: 8891889720, 0495 2372666, 9446252689.

5. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന അഗ്രിക്കൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രിക്കൾച്ചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 18/06/2025 തിയ്യതി വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

6. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള ഇഞ്ചി (വരദ), മഞ്ഞൾ (പ്രഗതി) വിത്തുകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 8547675124.

7. വെള്ളാനിക്കര കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ വൃക്ഷത്തൈ നേഴ്സറിയിൽ നല്ലയിനം മട്ടി (പൊങ്ങല്യം, തീപ്പെട്ടി മരം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പെരുമരം) തൈകൾ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. ഓർഡർ പ്രകാരം അയച്ച് കൊടുക്കുന്ന സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ നേഴ്സറിയിൽ എത്തി നേരിട്ടോ, ക്യു-ആർ കോഡ് സ്കാൻ വഴിയോ പണമടച്ച് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547734401 & 9847602333 നമ്പറിൽ (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക.

**8. കാർഷിക നിർദേശം**

വാഴ തോട്ടങ്ങളിൽ നീർ വാർച്ച ഉറപ്പു വരുത്തുക. മാണം അഴുകൽ തടയുന്നതിന് വാഴക്കന്ന് സുഡോമോണാസ് ലായനിയിൽ (20 ഗ്രാം /ലിറ്റർ) മുക്കി വെച്ചതിനു ശേഷം നടാം

റബ്ബർ -റബ്ബറിൽ റെയിൻ ഗാർഡ് പിടിപ്പിക്കാനുള്ള പ്രാരംഭ നടപടികൾ ചെയ്യുക.

റബ്ബറിൽ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45, 4 SU ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപാട്ടയിൽ തളിച്ചുകൊടുക്കുക.

തക്കാളി

സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളതിൽ നേർപ്പിച്ചു ചുവട്ടിൽ ഒഴിച്ചുകൊടുക്കുക. ഇത് തക്കാളിയിലെ കടചിയൽ രോഗത്തെ പ്രതിരോധിക്കും